നീലേശ്വരം ബ്ലോക്ക് കോൺഗ്രസ്സ് കമ്മിറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച സ്നേഹാദരം പരിപാടി രാജ്മോഹൻ ഉണ്ണിത്താൻ എം പി ഉദ്ഘാടനം ചെയ്യുന്നു

പിണറായിയുടെ ഭരണത്തിൽ കേരളം അരാജകത്വത്തിൽ: ഉണ്ണിത്താൻ

നീലേശ്വരം: മാഫിയാ സംഘങ്ങളും, അന്താരാഷ്ട്ര കള്ളക്കടത്തുകാരും ഭരണകൂടത്തിന്റെ ഭാഗമാകുമ്പോൾ ഉണ്ടാകുന്ന അരാജകത്വമാണ് കേരളം ഇപ്പോൾ അഭിമുഖീകരിക്കുന്ന പ്രശ്നമെന്ന് രാജ്മോഹൻ ഉണ്ണിത്താൻ എം പി പറഞ്ഞു.

അച്ഛനും മകനും തമ്മിൽ ബന്ധമുണ്ടോയെന്ന വലിയ ത്വാതീക അവലോകനവും ചർച്ചയും നടത്താൻ മാത്രം ഒരു പാർട്ടി കേരളത്തിൽ അധ:പതിച്ചിട്ടുണ്ടെങ്കിൽ അത് സി പി എം ആണ്. ഭരണ- പാർട്ടി വിരുദ്ധ ജനവികാരം ഇത്തവണയു ഡി എഫിന് ചരിത്ര വിജയം സമ്മാനിക്കുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.നീലേശ്വരം ബ്ലോക്ക് കോൺഗ്രസ്സ് കമ്മിറ്റിയുടെ നേതൃത്വത്തിൽ കെ പി സി സി ഭാരവാഹികൾക്കും, ത്രിതല പഞ്ചായത്ത്, നഗരസഭ അംഗങ്ങൾക്കായി സംഘടിപ്പിച്ച സ്നേഹാദരം പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.ചടങ്ങിൽ ബ്ലോക്ക് പ്രസിഡന്റ് മഡിയൻ ഉണ്ണികൃഷ്ണൻ ആധ്യക്ഷം വഹിച്ചു. കെ പി സി സി സെക്രട്ടറിമാരായ എം അസിനാർ, ബാലകൃഷ്ണൻ പെരിയ, കെ പി സി സി എക്സിക്യൂട്ടീവ് അംഗങ്ങളായ കെ. കെ.നാരായണൻ, പി.കെ.ഫൈസൽ, എം.രാധാകൃഷ്ണൻ നായർ, മാമുനി വിജയൻ, കെ.വി സുധാകരൻ, എ റുവാട്ട് മോഹനൻ, പി.രാമചന്ദ്രൻ, ഒ.ഉണ്ണികൃഷ്ണൻ മാസ്റ്റർ, കെ.എംതമ്പാൻനായർ, വി.കൃഷ്ണൻ എന്നിവർ സംസാരിച്ചു.

ബി എം എസ് മേഖലാ സമ്മേളനം ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു

ജില്ലാ ആശുപത്രി: ഒപ്പുമരച്ചുവട്ടിൽ സമരം തുടരുന്നു.

കാസർകോട്: ജില്ലാ ആശുപത്രി എല്ലാവർക്കും ചികിത്സിക്കാൻ സൗകര്യമൊരുക്കണമെന്നും തെക്കിൽ കോവിഡ് ആശുപത്രി പൂർണ്ണ സജ്ജീകരണങ്ങളോടെ പ്രവർക്കിക്കണമെന്നാവശ്യപ്പെട്ടു ജനകീയ സമരം ഒപ്പുമരചുവട്ടിൽ തുടരുന്നു. വിക്കറി പള്ളം പ്രവർത്തകർ സമരത്തിൽ പങ്കെടുത്തു കാർത്ത്യായനി ഉദുമ ഉദ്ഘാടനം ചെയ്തു.ജമീല അഹമ്മദ്, സി.പി.ശ്രീധരൻ , പുരുഷോത്തമൻ ഉദുമ,ജയശ്രീ കല്ല്യാട്ട് , ഷെരീഫ് ചെമ്പരിക്ക, താജുദ്ദീൻ പടിഞ്ഞാറ്ബേബി .കെ എന്നിവർ സംസാരിച്ചു.

അബ്ബുല്ല ഹാജി കരുത്ത് പകർന്ന നേതാവ്: എസ് കെ എസ് എസ് എഫ്

കാസർകോട്: സമസ്തയുടെ പ്രവർത്തനത്തിൽ കരുത്ത് പകർന്ന നേതാവാണ് സി.ബി അബ്ബുല്ല ഹാജിയെന്നും അദ്ധേഹത്തിന്റെ വിയോഗം കനത്ത നഷ്ട്ടമാണന്നും എസ് കെ എസ് എസ് എഫ് ജില്ലാ പ്രസിഡന്റ് സുഹൈർ അസ്ഹരി പള്ളങ്കോടും ജനറൽ സെക്രട്ടറി വി.കെ മുഷ്താഖ് ദാരിമി ,സംസ്ഥാന വർക്കിംങ്ങ് സെക്രട്ടറി താജുദ്ധീൻ ദാരിമി, മുൻ സംസ്ഥാന സെക്രട്ടറി ബഷീർ ദാരിമി തളങ്കര, അബൂബക്കർ സാലൂദ് നിസാമി, ഹാരിസ് ദാരിമി ബെദിര അനുശോചിച്ചു.

വെൽഫെയർ പാർട്ടി സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചു

കാസർകോട് : പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ജില്ലയിൽ ജില്ലാ പഞ്ചായത്ത് ഡിവിഷനുകളിൽ വെൽഫെയർ പാർട്ടി സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചു. ചെങ്കള, പിലിക്കോട്, ചിറ്റാരിക്കൽ, ഉദുമ, എടനീർ, സിവിൽ സ്റ്റേഷൻ എന്നീ ഡിവിഷനുകളിലാണ് വെൽഫെയർ പാർട്ടി മൽസരിക്കുന്നത്. യോഗം സംസ്ഥാന വൈസ് പ്രസിഡന്റ് റാസാഖ് പാലേരി ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് മുഹമ്മദ് വടക്കേക്കര ആധ്യക്ഷം വഹിച്ചു. സി. എച്ച് മുത്തലിബ് ,അംബുഞ്ഞി, മജീദ് നരിക്കോടൻ സംസാരിച്ചു.

നെൽകൃഷി വിളവെടുത്തു

പള്ളിക്കര :പച്ചപ്പ് കാർഷിക കൂട്ടായ്മ പൂച്ചക്കാട് പൊയ്യക്കണ്ടം, ചിറക്കൽ പുഞ്ചകണ്ടത്തിലുമായി നടത്തിയ അഞ്ച് ഏക്കർ നെൽകൃഷി വിളവെടുത്തു.

കൊയ്ത്തുത്സവം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എ. ജി.സി. ബഷീർ ഉദ്ഘാടനം ചെയ്തു. ചെയർമാൻ കുഞ്ഞിരാമൻ കുത്താറക്കാൽ ആധ്യക്ഷം വഹിച്ചു. റാഷിദ് കല്ലിങ്കൽ, കൃഷി ഓഫീസർ കെ. വേണുഗോപാൽ, അസിസ്റ്റന്റ് സെക്രട്ടറി മധു, ബ്ലോക്ക് പഞ്ചായത്ത് അംഗം അസുറാബി റാഷിദ്, വാർഡ് മെമ്പർ എം. സുന്ദരൻ കുറിച്ചിക്കുന്ന് പള്ളിക്കര പഞ്ചായത്ത് യു.ഡി.എഫ് കൺവീനർ സുകുമാരൻ പൂച്ചക്കാട്, കുട്ടായ്മ ട്രഷറർ സോളാർ കുഞ്ഞാമ്മദ്, പി. കെ.പവിത്രൻ ചിറക്കൽ, കുഞ്ഞമ്മദ് പൂച്ചക്കാട്, അഷ്റഫ് സംസാരിച്ചു.

മംഗളൂരു - കാസർകോട് കെ എസ് ആർ ടി സി ബസ് സർവീസ് പുന:സ്ഥാപിക്കണം:ദേശീയവേദി

മൊഗ്രാൽ: യാത്രാ ദുരിതം നേരിടുന്ന മംഗളൂരു-കാസർകോട് റൂട്ടിൽ കെ എസ് ആർ ടി സി ബസ് സർവീസ് പുനരാരംഭിക്കണമെന്ന് മൊഗ്രാൽ ദേശീയവേദി ആവശ്യപ്പെട്ടു.

കാസർകോട് നിന്നും മംഗളൂരിലേക്ക് സ്വകാര്യ കോളേജുകളിലേക്കും, ജോലിക്കും പോകുന്ന നിരവധി വിദ്യാർഥികൾ അടക്കമുള്ളവരാണ് നേരിട്ട് ബസ് സർവീസ് ഇല്ലാത്തതിനാൽ യാത്രാ ദുരിതമനുഭവിക്കുന്നത്. മംഗ്ളൂരുവിലെ വിവിധ പ്രദേശങ്ങളിലേക്ക് പഠനത്തിനും, ജോലിക്കും പോകാൻ മൂന്നോളം ബസ്സുകളാണ് യാത്രക്കാർ മാറി കയറേറ വരുന്നത്. ഇത് സമയ നഷ്ടത്തിനും, അധിക ചാർജിനും ഇടയാക്കുന്നു.

നിലവിൽ കാസർകോട് നിന്ന് കെ.എസ്.ആർ.ടി.സി ബസ് തലപ്പാടി വരെ മാത്രമേ സർവീസ് നടത്തുന്നുള്ളൂ. പ്രശ്നപരിഹാരത്തിന് കാസർകോട് -മംഗളൂരു ജില്ലാ ഭരണാധികാരികൾ ഇടപെട്ടു എത്രയും പെട്ടെന്ന് കെ എസ് ആർ ടി സി ബസ്സുകൾ പുനരാരംഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ദേശീയവേദി ഭാരവാഹികളുടെ യോഗം ആവശ്യപ്പെട്ടു.പ്രസിഡ് മുഹമ്മദ് അബ്കോ ആധ്യക്ഷം വഹിച്ചു. ടി കെ ജാഫർ, എം എം റഹ്മാൻ, വിജയകുമാർ, മുഹമ്മദ് കുഞ്ഞി, ഇബ്രാഹിം ഖലീൽ, എം എ മൂസ സംസാരിച്ചു.

കോട്ടച്ചേരി റെയിൽവേ മേൽപ്പാലം അപ്രോച്ച് റോഡ് നിർമ്മാണ കമ്മിറ്റി യോഗം അജാനൂർ പഞ്ചായത്ത് പ്രസിഡണ്ട് പി. ദാമോദരൻ ഉൽഘാടനം ചെയ്യുന്നു.

എസ്. ടി.യു. അതിജീവന സമരം നടത്തി

കാഞ്ഞങ്ങാട്: കേന്ദ്ര-കേരള സർക്കാരുകളുടെ നീതി നിഷേധങ്ങൾക്കെതിരെ തൊഴിലാളികളെ രക്ഷിക്കു കർഷകരെ സംരക്ഷിക്കു എന്ന മുദ്രാവാക്യവുമായി എസ്.ടി.യു.ദേശ വ്യാപകമായി നടത്തുന്ന പ്രക്ഷോഭത്തിന്റെ ഭാഗമായി നിർമ്മാണ തൊഴിലാളി യൂണിയൻ എസ്.ടി.യു. കാഞ്ഞങ്ങാ ബാവനഗർ കമ്മിറ്റി അതിജീവന സമരം നടത്തി. പ്രവാസി ലീഗ് ജില്ല സെക്രട്ടറി റസാക്ക് തായിലക്കണ്ടി ഉദ്ഘാടനം ചെയ്തു. നിർമ്മാണ ഫെഡറേഷൻ ജില്ല ട്രഷറർ എൽ.കെ.ഇബ്രഹിം അധ്യക്ഷം വഹിച്ചു.

ക്ഷേമനിധി ആനുകൂല്യങ്ങൾ ഉടൻ ലഭ്യമാക്കണം: ബി എം എസ്

കാസർകോട്:തൊഴിലാളികൾക്കുള്ള വിവിധ സാമ്പത്തിക ആനുകൂല്യങ്ങൾ പെട്ടെന്ന് തന്നെ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് മേഖലാ ബി എം എസ് സമ്മേളനം ആവശ്യപ്പെട്ടു. എല്ലാ ക്ഷേമനിധി ഓഫീസ് കാസർകോട്ടും സ്ഥാപിക്കണമെന്നും, പെൻഷൻ തുക കുറഞ്ഞത് 1000 ആക്കി വർദ്ധിപ്പിക്കണമെന്നും വിവിധ ധനസഹായങ്ങളും കാലോചിതമായി വർദ്ധിപ്പിക്കാനും ആവശ്യപ്പെട്ടു. സംസ്ഥാന സെക്രട്ടറി വി വി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. മേഖലാ അധ്യക്ഷൻ അനിൽ ബി നായർ ആധ്യക്ഷം വഹിച്ചു. പവിത്രൻ കെ കെ പുറം, കെ വി ബാബു, കാസർകോട് മേഖല ആധ്യക്ഷനായി കമലാക്ഷ സെക്രട്ടറിയായി റിജേഷ് ജെ പി, ട്രഷററായി വസന്ത കേളു ഗുഡെ എന്നിവരെയും മധൂർ മേഖലയുടെ അധ്യക്ഷനായി മനീഷ്, സെക്രട്ടറിയായി ഗുരുരാജ് ചേനക്കോട് ട്രഷറർ അവിനാഷ് കൂട്ടലു എന്നിവരെയും തെരഞ്ഞെടുത്തു. ഹരീഷ് സിദ്ധിബൈൽ സംസാരിച്ചു.

ബി അബ്ദുള്ള ഹാജിയുടെ നിര്യാണത്തിൽ അനുശോചിച്ചു

ചെർക്കള: കാസർകോട് നിയോജക മണ്ഡലം വൈസ് പ്രസിഡന്റും ചെങ്കള ഗ്രാമ പഞ്ചായത്ത് മുൻ പ്രസിഡന്റുമായ സി.ചെങ്കള പഞ്ചായത്ത് മുസ്ലിം യൂത്ത് വേണ്ടി പ്രസിഡന്റ് എം. എം. നൗഷാദും, ജനറൽ സെക്രട്ടറി ഹാരിസ് ബേവിഞ്ചയും അനുശോചിച്ചു.

ജനശതാബ്ദി എക്സ്പ്രസുകൾ കാസർകോട്ടേക്ക് നീട്ടണം: സി പി ഐ

കാസർകോട്: കണ്ണൂർ- തിരുവനന്തപുരം, തിരുവനന്തപുരം- കണ്ണൂർ ജനശതാബ്ദി എക്സ്പ്രസ്സുകൾ കാസർകോട് വരെ നീട്ടണമെന്ന ആവശ്യത്തിൽ സംസ്ഥാന സർക്കാരിന്റെ അടിയന്തിര ഇടപെടൽ ഉണ്ടാകണമെന്ന് സി പി ഐ ജില്ലാ കൗൺസിൽ യോഗം ആവശ്യപ്പെട്ടു.

കോവിഡ്-19ന്റെ പശ്ചാത്തലത്തിൽ കാസർകോട്ടെ ജനങ്ങൾ തിരുവനന്തപുരം ഉൾപ്പെടെയുള്ള തെക്കൻ ഭാഗത്തേക്കുള്ള യാത്ര ചെയ്യാൻ വലിയ പ്രയാസം അനുഭവിക്കുകയാണ്. മാവേലി എക്സ്പ്രസ്, മലബാർ എക്സ്പ്രസ്, മംഗലാപുരം തിരുവനന്തപുരം എക്സ്പ്രസുകൾ സർവ്വീസ് പുനരാരംഭിച്ചിട്ടില്ല. കണ്ണൂരിനും തിരുവനന്തപുരത്തിനും ഇടയിൽ സർവ്വീസ് നടത്തുന്ന ജനശതാബ്ദി എക്പ്രസ്സുകൾ കണ്ണൂരിൽ നിന്നും പുറപ്പെടുന്ന സമയം രാവിലെ 4.40നും കണ്ണൂരിൽ എത്തിച്ചേരുന്ന സമയം രാത്രി 11.40നുമാണ്. കണ്ണൂർ-കാസർകോട് നഗരങ്ങൾക്കിടയിൽ നൂറ് കിലോമീറ്ററിലധികം ദൂരമുണ്ട്. അതിനാൽ കാസർകോട് ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള യാത്രക്കാർ ഈ ട്രെയിനുകളിൽ യാത്ര ചെയ്യാൻ അസ്സമയങ്ങളിൽ വലിയ പണം ചിലവഴിച്ച് പ്രത്യേക വാഹങ്ങളിൽ റെയിൽവേ സ്റ്റേഷനിൽ എത്തിച്ചേരേണ്ടി വരുന്നു. കാസർകോട് ജില്ലയിലെ നൂറ് കണക്കിന് രോഗികളാണ് തിരുവനന്തപുരം ആർസിസി, ശ്രീചിത്ര തരുവനന്തപുരം ഉൾപ്പെടെയുള്ള ആശുപത്രികളിലേക്ക് നിരന്തരം ചികിത്സയ്ക്ക് ആശ്രയിക്കുന്നത്. കാസർകോട് ജില്ലയിലെ ജനങ്ങൾക്ക് തിരുവനന്തപുരം ഉൾപ്പെടെയുള്ള തെക്കൻ കേരളത്തിലേക്കുള്ള യാത്രയ്ക്ക് ഇപ്പോൾ അനുഭവിക്കുന്ന പ്രയാസങ്ങൾ പരിഹരിക്കാൻ സംസ്ഥാന സർക്കാരിന്റെ അടിയന്തിര ഇടപെടലുണ്ടാകണമെന്ന് ആവശ്യപ്പെട്ട സി പി ബാബു അധ്യക്ഷത വഹിച്ചു. സംസ്ഥാന കൺട്രോൾ കമ്മീഷൻ ചെയർമാൻ സി പി മുരളി സംസ്ഥാന കൗൺസിൽ തീരുമാനങ്ങൾ റിപ്പോർട്ട് ചെയ്തു.

യൂത്ത് കോൺഗ്രസ് കാഞ്ഞങ്ങാട് നിയോജക മണ്ഡലം കമ്മിറ്റി വാങ്ങിനൽകിയ ബുള്ളറ്റ് ബിജുവിന് രാജ്മോഹൻ ഉണ്ണിത്താൻ എംപി കൈമാറുന്നു.

ജില്ലാ പഞ്ചായത്ത് ഗ്രിഡ് അധിഷ്ഠിത സോളാർ പവർ പ്ലാന്റ്; ജില്ലാതല പ്രഖ്യാപനം നടത്തി

കാസർകോട്: കാസർകോട് ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള 84 സ്കൂളുകളിലെയും ജില്ലാ ആയുർവ്വേദ ആശുപത്രി പടന്നക്കാട്, ജില്ലാ അലോപ്പതി ആശുപത്രി എന്നിവിടങ്ങളിലായി ഗ്രിഡ് അധിഷ്ഠിത സോളാർ പവർ പ്ലാന്റ് സ്ഥാപിച്ചതിന്റെ ജില്ലാതല പ്രഖ്യാപനം ജി.എച്ച്.എസ്.എസ് കുമ്പളയിൽ മുഖ്യമന്ത്രി പിണറായി വിജയൻ വീഡിയോ കോൺഫറൻസ് വഴി നിർവ്വഹിച്ചു. യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് എ.ജി.സി ബഷീർ ആധ്യക്ഷം വഹിച്ചു. ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ പ്രാധാന്യം ഉൾക്കൊണ്ട് ഈ മേഖലയിൽ പ്രായോഗികവും ശക്തവുമായ സാന്നിധ്യം ഉറപ്പ് വരുത്തണമെന്ന് ജില്ലാ പഞ്ചായത്ത് ഭരണ സമിതി നിലപാടെടുത്തതിന്റെ ഫലമായിട്ടാണ് പദ്ധതി യാഥാർത്ഥ്യമാക്കിയത്. കാസർകോട് വികസന പാക്കേജിൽ ഉൾപ്പെടുത്തി ജില്ലാ പഞ്ചായത്തുമായി ചേർന്ന് 12.65കോടി രൂപ വകയിരുത്തിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. മൊത്തം1675 കിവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.കേരളത്തിൽ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം ഏറ്റെടുക്കുന്ന ഏറ്റവും വലിയ ഗ്രിഡ് അധിഷ്ഠിത സോളാർ പ്ലാന്റാണ് ഇതിലൂടെ യാഥാർത്ഥ്യമാകുന്നത്.

സ്കൂളുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഭീമമായതുക ഒടുക്കേണ്ടി വരുന്ന സ്കൂൾ പിടിഎ കമ്മിറ്റികൾക്ക് ഇതിലൂടെ ലഭിക്കുന്ന വരുമാനം വഴി വലിയ സാമ്പത്തിക പ്രയോജനവും ലഭ്യമാവുന്നു. കെ.എസ്.ഇ.ബി, അനർട്ട്, ഇൻകൽ എന്നീ സ്ഥാപനങ്ങളുടെ സാങ്കേതിക സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ചടങ്ങിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശാന്തമ്മ ഫിലിപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരായ ഫരീദാ സക്കീർ, ഷാനവാസ് പാദൂർ, ഹർഷാദ് വൊർക്കാടി, അഡ്വ. എ.പി.ഉഷ, കുമ്പള പഞ്ചായത്ത് പ്രസിഡണ്ട്പുണ്ടരീകാക്ഷ, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ആരിഫ് എ.കെ, പിടിഎ ഭാരവാഹികൾ ചടങ്ങിൽ സംബന്ധിച്ചു.

രതീഷ് കുറ്റ്യാട്ടിന് ഡിവൈഎഫ്ഐ കിഴക്കുംകര യൂണിറ്റിന്റെ സ്നേഹോപഹാരം വാർഡ് മെമ്പർ കെ.മോഹനൻ നൽകുന്നു

രതീഷ് കുറ്റ്യാട്ടിന് ആദരം

കാഞ്ഞങ്ങാട്: മുഖ്യമന്ത്രിയുടെ ഈ വർഷത്തെ പോലീസ് മെഡൽ നേടിയ കിഴക്കുംകരയിലെ രതീഷ് കുറ്റ്യാട്ടിന് ഡിവൈഎഫ്ഐ കിഴക്കുംകര യൂണിറ്റിന്റെ സ്നേഹോപഹാരം വാർഡ് മെമ്പർ കെ.മോഹനൻ നൽകി. മേഖല സെക്രട്ടറി രാജേഷ് മണലിൽ, യൂണിറ്റ് സെക്രട്ടറി ടി. സുഭാഷ്, പ്രസിഡ് എം. രാകേഷ് സംബന്ധിച്ചു.

പൂച്ചക്കാട് ശാഖ മുസ്ലീം ലീഗ് കമ്മിറ്റിയും, പൂച്ചക്കാട് മേഖല കെ.എം.സി.സി.യും സംയുക്തമായി നിർമ്മിക്കുന്ന ബൈത്തുറഹ്മയ്ക്ക് പള്ളിക്കര സംയുക്ത ജമാഅത്ത് ഖാസി ശൈഖുന ഇ.കെ. മഹമ്മൂദ് മുസ്ലിയാർ കുറ്റിയടിക്കുന്നു

സ്ഥാപക ദിനാഘോഷവും സൗജന്യ മാസ്ക് വിതരണവും

നീലേശ്വരം: ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ് സ്ഥാപക ദിനാഘോഷത്തിന്റെ ഭാഗമായി നീലേശ്വരത്ത് മാസ്ക് വിതരണവും നടത്തി. പരിപാടി അസോസിയേഷൻ പ്രസിഡണ്ട് ശ്രീമതി ഉഷ സി (ഡി ഇ ഒ) ഉദ്ഘാടനം ചെയ്തു. ജില്ലാ കമ്മീഷണർ ഗിരീഷ് ജി കെ യോഗത്തിൽ ആധ്യക്ഷം വഹിച്ചു. ഹൊസ്ദുർഗ്ഗ് എ.ഇ. ഒ ജയരാജൻ പി.വി മുഖ്യപ്രഭാഷണം നടത്തി. കർഷക അധ്യാപക അവാർഡ് നേടിയ ജില്ലാ ഓർഗ്ഗനൈസിങ്ങ് കമ്മീഷണർ വി.കെ ഭാസ്കരനെ യോഗത്തിൽ അനുമോദിച്ചു. ജില്ലയിലെ സ്കൗട്ട്സ് ആന്റ് ഗൈഡ്സ് നിർമ്മിച്ച രണ്ടായിരത്തോളം മാസ്ക്കുകളാണ് പൊതുജനങ്ങൾക്കിടയിൽ സൗജന്യമായി വിതരണം ചെയ്തത്. ചെറുവത്തൂർ, ചിറ്റാരിക്കാൽ, പാലക്കുന്ന്, എന്നിവടങ്ങളിലും മാസ്ക് വിതരണം നടത്തി. ജില്ലാസെക്രട്ടറി വിവി മനോജ് കുമാർ തമ്പാൻ പിടി,സുധാമണി ടി.ഇ. എൽ എ സെക്രട്ടറി ജയ, ജോയിന്റ് സെക്രട്ടറി രവീന്ദ്രൻ, ഗീത എന്നീവർ സംസാരിച്ചു.

ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ് സ്ഥാപക ദിനാഘോഷത്തിന്റെ ഭാഗമായി നീലേശ്വരത്ത് നടന്ന മാസ്ക് വിതരണം ഉഷ സി (ഡി ഇ ഒ) ഉദ്ഘാടനം ചെയ്യുന്നു

ബൈത്തുറഹ്മയ്ക്ക് കുറ്റിയടിച്ചു

പള്ളിക്കര:പൂച്ചക്കാട് ശാഖാ മുസ്ലിം ലീഗ് കമ്മിറ്റിയും പൂച്ചക്കാട് മേഖല കെ.എം.സി.സി. യും സംയുക്തമായി നിർമ്മിക്കുന്ന ബൈത്തുറഹ്മയ്ക്ക് പള്ളിക്കര സംയുക്ത ജമാഅത്ത് ഖാസി ഇ. കെ. മഹമൂദ് മുസ്ലിയാർ കുറ്റിയടിച്ചു. പരേതനായ പൂച്ചക്കാട് റസാഖ് ഹാജിയുടെ ഭാര്യയും മക്കളും സൗജന്യമായി നൽകിയ അഞ്ച് സെന്റ് സ്ഥലത്താണ് ബൈത്തുറഹ്മ നിർമ്മിക്കുന്നത്. സമ്മേളനം ശാഖാമുസ്ളിം ലീഗ് പ്രസിഡണ്ട് എ.എം. അബ്ദുൾ ഖാദറിന്റെ അദ്ധ്യക്ഷതയിൽ ഇ.കെ. മഹമ്മൂദ് മുസിലിയാർ ഉൽഘാടനം ചെയ്തു. റസാഖ് ഹാജി അനുസ്മരണ പ്രഭാഷണം ഉദുമ മണ്ഡലം മുസ്ലിംലീഗ് പ്രസിഡണ്ട് കെ. ഇ.എ. ബക്കർ നിർവഹിച്ചു. ഖത്തീബ് ശംസുദ്ധീൻ ഫൈസി, മാളികയിൽ കുഞ്ഞബ്ദുല്ല, ബഷീർ എൻജിനീയർ, പി.എ അബൂബക്കർ ഹാജി, സിദ്ദിഖ് പള്ളിപ്പുഴ, റഷീദ് ഹാജി കല്ലിങ്കാൽ,സോളാർ കുഞ്ഞമ്മദ് ഹാജി,ടി.പി. കുഞ്ഞബ്ദുല്ല,കെ.എം. അബ്ദുറഹ്മാൻ,എം. സി ഗഫൂർ ഹാജി,മുഹമ്മദലി പൂച്ചക്കാട്, ഷമീം അഹമ്മദ്, ബഷീർ പൂച്ചക്കാട്, പോളുമജീദ്,അസീസ് പി. എ,റസാഖ് മുക്കൂട്, കുഞ്ഞഹമ്മദാജി, എം.എ. നാസർ, കോയ മുഹമ്മദ്, അബ്ദുറ സാഖ് ഹുസൈൻ സംസാരിച്ചു.

പഴക്കമേറിയ ഓട്ടോറിക്ഷകൾ നിർത്തലാക്കാനുള്ള തീരുമാനം പുന:പരിശോധിക്കണം

കാഞ്ഞങ്ങാട്: 15 വർഷത്തിന് മേൽ പഴക്കമുള്ള ഡീസൽ ഓട്ടോറിക്ഷകൾ നിർത്തലാക്കാനുള്ള തീരുമാനം പുന:പരിശോധിക്കണമെന്ന് ഐഎൻടിയുസി ഓട്ടോറിക്ഷാ തൊഴിലാളി യൂണിയൻ ജില്ല ജനറൽ സെക്രട്ടറി പി. വി ബാലകൃഷ്ണൻ ആവശ്യപ്പെട്ടു.

കോവിഡ് പ്രതിസന്ധിക്കിടെ ജീവിതം തട്ടിയും മുട്ടിയും മുന്നോട്ട് പോകുമ്പോൾ -തൊഴിലാളിക്ക് മറ്റൊരു ദുരിതമായി അധികാരികൾ ഇത്തരം നിയമങ്ങൾ കൊണ്ടുവരുന്നത് . ഇലക്ട്രിക് ഓട്ടോറിക്ഷകൾ വാങ്ങുമ്പോൾ തൊഴിലാളിക്ക് ദുരിതം പേറുകയാണ്. സംസ്ഥാന പെർമിറ്റ് മാത്രം ലഭിക്കുന്ന മുറയ്ക്ക് കോർപറേഷൻ - മുൻസിപാലിറ്റി -പഞ്ചായത്ത് തലത്തിലേക്കുള്ള സ്റ്റാന്റുകൾ പോലും ഇല്ലാതാകുന്ന അവസ്ഥയാണ് ഉള്ളത്. ഇത്തരം വാഹനങ്ങൾക്ക് പഴയ വാഹനങ്ങളുടെ പാർക്കിംഗ് പെർമിറ്റ് കയറ്റാനുള്ള സംവിധാനം കൂടി ഉണ്ടാക്കണം . അല്ലാത്ത പക്ഷം ഐഎൻടിയുസി സമര പരിപാടികകളുമായി മുന്നോട്ടുപോകുമെന്ന് മുന്നറിയിച്ചു.

പുല്ലൂർ പെരളം പാടശേഖര സമിതിയ്ക്ക് അനുവദിച്ച ട്രാക്ടറും റോട്ട വേറ്ററും ഉദ്ഘാടനം ചെയ്തപ്പോൾ

പുത്തരി അടിയന്തിരം നടത്തി

മുതിയക്കാൽ: കണ്ണോൽപ്പടി പാറ്റേൻ വീട് തറവാട്ടിലെ വർഷം തോറും നടത്തി വരാറുള്ള പുത്തരി അടിയന്തിരം ഇന്ന് നടക്കും. കൊവിഡ് മാനദണ്ഡങ്ങൾ പാലിച്ച് വളരെ കുറച്ച് ആളുകളെ മാത്രം പങ്കെടുപ്പിച്ച് പകൽ ചടങ്ങുകൾ നടക്കുക.

കനിവ് കുടിവെള്ള പദ്ധതി ഉദ്ഘാടനം ചെയ്തു

നെല്ലിക്കട്ട: ജി.സി.സി കെ.എം.സി.സി നെല്ലിക്കട്ട കമ്മിറ്റി മുൻ എം എൽ എ പി.ബി. അബ്ദുൽ റസാഖിന്റെ പേരിൽ നടപ്പിലാക്കിയ കനിവ് കുടിവെള്ള പദ്ധതി സമർപ്പിച്ചു.കെ.എം.സി.സി സൗദി നാഷണൽ കമ്മിറ്റി ജനറൽ സെക്രട്ടറി ഖാദർ ചെങ്കള ഉൽഘാടനം ചെയ്തു. മുസ്ലിം ലീഗ് വാർഡ് ജനറൽ സെക്രട്ടറി എൻ.എ അബ്ദുൽ ഖാദർ ആധ്യക്ഷം വഹിച്ചു. ജാബിർ കെ.എം ബേർക്ക അബ്ദുള്ള കുഞ്ഞി ഹാജി സെക്രട്ടറി ഇ. അബൂബക്കർ ഹാജി, പി.ഡി.എ റഹ്മാൻ, ഇബ്രാഹിം നെല്ലിക്കട്ട, പി.ഡി നുറുദ്ധീൻ,പി. ബി.ഷഫീഖ്,ചെങ്കള പഞ്ചായത്ത് എം.എം.നൗഷാദ്, ബദറുദ്ധീൻ ആർ.കെ, നെല്ലിക്കട്ട ഹമീദ് ബി.എ,അഷറഫ് ബി.എ, ഇബ്രാഹിം പി.സി, കെ.എം. ഉമ്മൈർ,ജില്ലാ എം.എസ്.എഫ് പ്രസിഡന്റ് അനസ് എതിർത്തോട്,മണ്ഡലം ജനറൽ സെക്രട്ടറി ഷാനിഫ് നെല്ലിക്കട്ട, അജ്മൽ മിർഷാൻ അർക്ക,ശാഖ യൂത്ത് ലീഗ് ജനറൽ സെക്രട്ടറി അഷ്റഫ് സി.എം, ലത്തീഫ് ചെന്നടുക്ക, അജ്മൽ നിലാമുറ്റം, സകരിയ,സൈഫുദ്ധീൻ,ഫൈസൽ ബി.എ.സംബന്ധിച്ചു.

ജി.സി.സി കെ.എം.സി.സി നെല്ലിക്കട്ട കമ്മിറ്റി മുൻ എം എൽ എ പി.ബി.അബ്ദുൽ റസാഖിന്റെ പേരിൽ നടപ്പിലാക്കിയ കനിവ് കുടിവെള്ള പദ്ധതി ഖാദർ ചെങ്കള ഉൽഘാടനം ചെയ്യുന്നു